ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 27.03.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) പാർലമെൻറിൻറെ ഇരുസഭകളിലും നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു.

   Proceedings in progress in both the houses of Parliament.

2) മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതർക്കായുള്ള ടൗൺഷിപ്പിൻറെ ശിലാസ്ഥാപനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവ്വഹിക്കും

   Kerala CM Pinarayi Vijayan will lay foundation stone to the rehabilitation township for the Wayanad landslide survivors.

3) ഇന്ത്യ- ചൈന ബന്ധം കഴിഞ്ഞ ഒക്ടോബർ മുതൽ മെച്ചപ്പെട്ട നിലയിലാണെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ .

   Relations between India and China have seen some improvement since October last year, with both nations working on various aspects of their ties, says External Affairs Minister Dr. Jaishankar.

4) ശിശുമരണങ്ങൾ കുറയ്ക്കുന്നതിൽ ഇന്ത്യയുടെ ശ്രമങ്ങളെ പ്രശംസിച്ച് ഐക്യരാഷ്ട്രസഭ.
India's efforts and progress in reducing preventable child deaths has been lauded as 'exemplar' by the United Nations, which cited the example of health initiatives such as Ayushman Bharat.

5) ഖേലോ ഇന്ത്യ പാരാ ഗെയിംസ് 2025 ന് ഇന്ന് ന്യൂഡൽഹിയിൽ സമാപനം
The Khelo India Para Games 2025 is set to conclude with a grand closing ceremony this evening.

6) അമേരിക്കയിലേക്ക് ഇറക്കുമതി ചെയ്യുന്ന വാഹനങ്ങൾക്ക് 25 ശതമാനം തീരുവ ഏർപ്പെടുത്തി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്.
US President Donald Trump has declared a 25 per cent tariff on all imported vehicles entering the United States.

********************

## PARLIAMENT

പാർലമെൻറിൻറെ ഇരുസഭകളിലും നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായ്ക്ക് എതിരെ കോൺഗ്രസ് കൊണ്ടുവന്ന അവകാശ ലംഘന നോട്ടീസ് രാജ്യസഭാധ്യക്ഷൻ ജഗ്ദീപ് ധൻകർ തള്ളി. പിഎം റിലീഫ് ഫണ്ടുമായി ബന്ധപ്പെട്ട് കോൺഗ്രസ് നേതാവ് സോണിയ ഗാന്ധിക്കെതിരെ നടത്തിയ പരാമർശങ്ങളിലാണ് കോൺഗ്രസ് ചീഫ് വിപ്പ് ജയറാം രമേശ് അവകാശ ലംഘന നോട്ടീസ് നൽകിയത്. ചോദ്യോത്തര വേള ഇരു സഭയിലും പുരോഗമിക്കുകയാണ്. ഡൽഹി ഹൈക്കോടതി ജഡ്ജിയുടെ വസതിയിൽ നിന്നും വലിയതോതിൽ പണം കണ്ടെത്തിയ സംഭവം സഭ ചർച്ച ചെയ്യണമെന്നും പ്രതിപക്ഷ പാർട്ടികൾ ആവശ്യ ഉന്നയിച്ചു.

********************

## KERALA TOWNSHIP

മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതരെ പുനരധിവാസിപ്പിക്കുന്നതിനായി നിർമ്മിക്കുന്ന ടൗൺഷിപ്പിൻറെ ശിലാസ്ഥാപനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് വൈകുന്നേരം നിർവ്വഹിക്കും. എൽസ്റ്റൺ എസ്റ്റേറ്റിലെ 64 ഹെക്ടർ ഭൂമിയിൽ ഏഴ് സെൻറ് വീതമുള്ള പ്ലോട്ടുകളിൽ, ആയിരം ചതുരശ്രയടി വിസ്തീർണത്തിലാണ് വീടുകൾ നിർമിക്കുക. ഒറ്റനിലയായി പണിയുന്ന വീടുകളിൽ, ഭാവിയിൽ രണ്ടുനിലയാക്കാൻ സാധിക്കുംവിധമാണ് അടിത്തറയൊരുക്കുക.

ആരോഗ്യകേന്ദ്രം, അങ്കണവാടി, പൊതുസ്ഥാപനങ്ങൾ, വ്യാപാര സൗകര്യങ്ങൾ, കമ്മ്യൂണിറ്റി സെൻ്റർ തുടങ്ങിയവയും ടൗൺഷിപ്പിൽ ഒരുക്കുന്നുണ്ട്. ഊരാളുങ്കൽ കോപ്പറേറ്റീവ് സൊസൈറ്റിയാണ് നിർമാണ പ്രവൃത്തികൾ നിർവഹിക്കുന്നത്. ടൌൺഷിപ്പിൽ വീടിന് താത്പര്യപ്പെടാത്ത ഗുണഭോക്താക്കൾക്ക് 15 ലക്ഷം രൂപ നല്കും. ഗൃഹനാഥൻറെയും ഗൃഹനാഥയുടെയും കൂട്ടായ പേരിലാണ് വീടും സാമ്പത്തിക സഹായവും നല്കുക. പുനരധിവാസത്തിനുള്ള അന്തിമ പട്ടികയിൽ 402 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിട്ടുള്ളത്.

********************

## S JAISHANKAR (INTRO)

ഇന്ത്യ- ചൈന ബന്ധം ശക്തിപ്പെടുത്താനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ . ഏഷ്യ സൊസൈറ്റി പ്രസിഡൻറ് ഡോ ക്യുങ് വാ കാങ്ങുമായി ന്യൂഡൽഹിയിൽ സംവദിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യ- ചൈന ബന്ധം കഴിഞ്ഞ ഒക്ടോബർ മുതൽ മെച്ചപ്പെട്ട നിലയിലാണെന്നും ശ്രീ ജയശങ്കർ പറഞ്ഞു. വ്യാപാരം, ഊർജ്ജ സുരക്ഷ എന്നീ മേഖലകളിൽ ഇന്ത്യയും അമേരിക്കയും തമ്മിൽ നിർണായക ചർച്ചകൾ പുരോഗമിക്കുകയാണ്. ഉഭയകക്ഷി വ്യാപാര കരാരിൽ ഏർപ്പെടുന്നതിനുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെയും യുഎസ് പ്രസിഡൻ്റ് ഡോണൾഡ് ട്രംപിൻ്റെയും തീരുമാനത്തിൻറെ ഭാഗമായ ചർച്ചകളും തുടരുന്നതായി ശ്രീ

ജയ്ശങ്കർ വ്യക്തമാക്കി .
(വോയിസ്)

********************

## UN- CHILD MORTALITY REPORT

ശിശുമരണങ്ങൾ കുറയ്ക്കുന്നതിൽ ഇന്ത്യയുടെ ശ്രമങ്ങളെ പ്രശംസിച്ച് ഐക്യരാഷ്ട്രസഭ. മാതൃകാപരമായ പ്രവർത്തനങ്ങളാണ് ഇന്ത്യ നടത്തുന്നതെന്ന് വ്യക്തമാക്കുന്ന യുഎൻ റിപ്പോർട്ടിൽ, ആയുഷ്മാൻ ഭാരത് ഉൾപ്പെടെയുള്ള ആരോഗ്യ സംരംഭങ്ങളെയും അഭിനന്ദിക്കുന്നുണ്ട്. 2000 മുതലുള്ള കണക്കുകൾ പ്രകാരം, അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളുടെ മരണനിരക്ക് 70 ശതമാനവും നവജാത ശിശുമരണനിരക്ക് 61 ശതമാനവും കുറക്കാൻ ഇന്ത്യയ്ക്ക് സാധിച്ചതായും റിപ്പോർട്ടിൽ പറയുന്നു.

********************

## NCW PREMARITAL

രാജ്യത്തെ എല്ലാ ജില്ലകളിലും വിവാഹപൂർവ കൗൺസിലിംഗ് കേന്ദ്രം തുറക്കുമെന്ന് ദേശീയ വനിതാ കമ്മീഷൻ. അന്താരാഷ്ട്ര വനിതാ ദിനത്തിൽ ആരംഭിച്ച സംരംഭത്തിലൂടെ ഇതുവരെ 11 സംസ്ഥാനങ്ങളിലായി 23 കേന്ദ്രങ്ങൾ തുറന്നതായി കമ്മീഷൻ അധ്യക്ഷ വിജയ രഹത്കർ പറഞ്ഞു. ജില്ലാതല, തദ്ദേശ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലാവും ഇവ പ്രവർത്തിക്കുക. വിവാഹ മോചനവും, ഗാർഹിക പ്രശ്നങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്താണ് നടപടി.

********************

## MINE AUCTIONS

കൽക്കരി ഖനി ലേലത്തിന്റെ 12-ാം ഘട്ടത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കം. ആഭ്യന്തര, വിദേശ നിക്ഷേപകർ ലേലത്തിൽ പങ്കെടുക്കുന്നുണ്ട്. ഊർജ്ജ, വ്യാവസായിക മേഖലകളിലെ രാജ്യത്തിൻറെ സ്വയംപര്യാപ്തതയ്ക്ക് ഇത് പ്രോത്സാഹനം പകരുമെന്ന് കേന്ദ്ര കൽക്കരി മന്ത്രാലയം വ്യക്തമാക്കി.

********************

## NAVY-DRDO

തദ്ദേശീയമായി വികസിപ്പിച്ച ഷോർട്ട്-റേഞ്ച് സർഫസ്-ടു-എയർ മിസൈലിൻറെ പരീക്ഷണം ഒഡീഷ തീരത്തെ ചാന്ദിപ്പൂർ ഇന്റഗ്രേറ്റഡ് ടെസ്റ്റ് റേഞ്ചിൽ വിജയകരമായി നടന്നു. നിർണായക നേട്ടത്തിൽ ഡിആർഡിഒ-യേയും, ഇന്ത്യൻ നാവികസേനയോയും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അഭിനന്ദിച്ചു. പ്രതിരോധ ഗവേഷണ വികസനത്തിലെ ഇന്ത്യയുടെ മികവിൻറെ തെളിവാണിതെന്നും അദ്ദേഹം പറഞ്ഞു.

*********************

## Rajeev -U S Yathra

അമേരിക്കൻ യാത്രയ്ക്ക് കേന്ദ്രസർക്കാർ അനുമതി നിഷേധിച്ചത് അസാധാരണ നടപടിയെന്ന് മന്ത്രി പി രാജീവ്. കേന്ദ്ര ഡെപ്യൂട്ടേഷനിൻ പോയ സെക്രട്ടറിക്ക് അനുമതി നല്കുകയും കേരളത്തിൽ നിന്നുള്ള മന്ത്രിക്കും സെക്രട്ടറിമാർക്കും അനുമതി നല്കാതിരിക്കുകയുമാണ് ഉണ്ടായത്. കൃത്യമായ വിശദീകരണം നല്കാതെയാണ് യാത്ര തടഞ്ഞതെന്നും, ആര് പങ്കെടുക്കണമെന്ന് സംഘാടകരാണ് തീരുമാനിക്കേണ്ടതെന്നും മന്ത്രി പ്രതികരിച്ചു.

*********************

## V Sivankutty (INTRO)

പത്താം ക്ലാസ് പരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയം സംസ്ഥാനത്തൊട്ടാകെ 72 കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകളിലായി നടക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി . ക്യാമ്പുകളുടെ പ്രവർത്തനം 2 സ്പെല്ലുകളായാണ് ക്രമീകരിച്ചിരിക്കുന്നതെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു . ഹയർസെക്കന്ററി പരീക്ഷകളുടെ ഉത്തരക്കടലാസ്സ് മൂല്യനിർണ്ണയം നടത്താനായി 89 ക്യാമ്പുകൾ സജ്ജീകരിച്ചിട്ടുണ്ട്. മെയ് മൂന്നാം വാരത്തിനുള്ളിൽ ഹയർ സെക്കന്ററി ഫലപ്രഖ്യാപനം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായും മന്ത്രി അറിയിച്ചു.
( വോയിസ് )

*********************

## Malappuram -HIV

മലപ്പുറം വളാഞ്ചേരിയിൽ ലഹരി സംഘത്തിൽപ്പെട്ട 9 പേർക്ക് എച്ച്ഐവി ബാധ സ്ഥിരീകരിച്ചു. കേരള എയ്ഡ്സ് സൊസൈറ്റി നടത്തിയ സ്ക്രീനിംഗിൽ ആണ് എച്ച്ഐവി ബാധ കണ്ടെത്തിയത്. ഇതിൽ മൂന്ന് പേർ ഇതര സംസ്ഥാന തൊഴിലാളികളാണ്. ഒരേ സിറിഞ്ച് ഉപയോഗിച്ചുള്ള ലഹരി ഉപയോഗമാണ് രോഗബാധയ്ക്ക് കാരണം.

*********************

## KHELO INDIA

ഖേലോ ഇന്ത്യ പാരാ ഗെയിംസ് 2025 ന് ഇന്ന് ന്യൂഡൽഹിയിൽ സമാപനം. വൈകുന്നേരം നടക്കുന്ന സമാപന ചടങ്ങിൽ കേന്ദ്ര കായിക സഹമന്ത്രി രക്ഷ നിഖിൽ ഖഡ്സെ പങ്കെടുക്കും. എട്ട് ദിവസം നീണ്ട ചാമ്പ്യൻഷിപ്പിൽ ആറ് ഇനങ്ങളിലായി 1300-ലധികം പാരാ അത്‌ലറ്റുകളാണ് ഗെയിംസിൽ മാറ്റുരച്ചത്.

*********************

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് ലഖ്നൗ സൂപ്പർ ജയിൻറ്സിനെ നേരിടും. ഹൈദരാബാദ് സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ രാജസ്ഥാൻ റോയൽസിനെതിരെ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് എട്ട് വിക്കറ്റിന് വിജയിച്ചു. രാജസ്ഥാൻ ഉയർത്തിയ 152 റൺസ് വിജയലക്ഷ്യം കൊൽക്കത്ത 17.3 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ മറികടക്കുകയായിരുന്നു.

*********************

## TRUMP- AUTO TARIFFS

അമേരിക്കയിലേക്ക് ഇറക്കുമതി ചെയ്യുന്ന വാഹനങ്ങൾക്ക് 25 ശതമാനം തീരുവ ഏർപ്പെടുത്തി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് . പുതിയ തീരുവ ഏപ്രിൽ 2 മുതൽ പ്രാബല്യത്തിൽ വരും. വിപണിയിൽ കാർവില വൻതോതിൽ ഉയരാൻ തീരുമാനം ഇടയാക്കും. വാഹന നിർമാണ രംഗത്ത് പ്രബല സ്ഥാനം വഹിക്കുന്ന യൂറോപ്യൻ രാജ്യങ്ങൾക്കും,

ജപ്പാനും, ദക്ഷിണ കൊറിയയ്ക്കും തീരുമാനം

തിരിച്ചടിയാവും. അമേരിക്കൻ ഉത്പന്നങ്ങൾക്ക് ഉയർന്ന തീരുവ ഈടാക്കുന്ന രാജ്യങ്ങൾക്കുമേൽ ട്രംപ് ഏർപ്പെടുത്തിയ മറുപടി ചുങ്കവും ഏപ്രിൽ 2 മുതൽ പ്രാബല്യത്തിൽ വരും.

*********************

## BRAZIL BOLSONARO- TRIAL

2022 ലെ തിരഞ്ഞെടുപ്പ് പരാജയത്തിന്

പിന്നാലെ, സർക്കാരിനെ അട്ടിമറിക്കാൻ ഗൂഢാലോചന നടത്തിയെന്ന ആരോപണത്തിൽ, ബ്രസീൽ മുൻ പ്രസിഡന്റ് ജെയർ ബോൾസോനാരോ വിചാരണ നേരിടേണ്ടിവരുമെന്ന്

ബ്രസീലിയൻ സുപ്രീം കോടതി. കുറ്റക്കാരനെന്ന് കണ്ടെത്തിയാൽ, ബോൾസോനാരോയ്ക്ക് ദീർഘകാലം ജയിൽ ശിക്ഷ അനുഭവിക്കേണ്ടിവരും. പുതിയ പ്രസിഡൻറിൻറെ സ്ഥാനാരോഹണത്തിന് പിന്നാലെ, 2023

ജനുവരിയിൽ, ആയിരക്കണക്കിന് ബോൾസനാരോ അനുകൂലികൾ ബ്രസീലിയയിലെ സർക്കാർ മന്ദിരങ്ങളിൽ

അക്രമം നടത്തിയിരുന്നു.

*********************

## ISRAEL STRIKES GAZA SYRIA LEBNON

ഗാസയിൽ ഈ മാസം 18 മുതൽ 430 ലധികം ഇടങ്ങളിൽ ഇസ്രായേൽ സൈന്യം ആക്രമണം നടത്തിയതായി ഔദ്യോഗിക

റിപ്പോർട്ട് . രണ്ട് മാസത്തെ വെടിനിർത്തൽ കരാറിന്

പിന്നാലെയുണ്ടായ ആക്രമണത്തിൽ ഇതിനകം 830-

ഓളം പലസ്തീനികളാണ് കൊല്ലപ്പെട്ടത്..

*********************

## INDIA-WORLD TEA EXPORTER

തേയില കയറ്റുമതിയിൽ സുപ്രധാന നാഴികക്കല്ല്

കൈവരിച്ച് ഇന്ത്യ . ശ്രീലങ്കയെ മറികടന്ന്, 2024-

ലെ ലോകത്തെ രണ്ടാമത്തെ വലിയ തേയില കയറ്റുമതി

രാജ്യമായാണ് ഇന്ത്യ മാറിയത് . കഴിഞ്ഞ വർഷം 255 ദശലക്ഷം

കിലോഗ്രാം തേയിലയാണ് രാജ്യം കയറ്റുമതി ചെയ്തത്.

കയറ്റുമതിയിലെ ഒന്നാം സ്ഥാനം കെനിയ നിലനിർത്തി.

*********************

## SENSEX-GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 364 പോയിൻറ് നേട്ടത്തിൽ 77,653 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 109 പോയിൻറ് നേട്ടത്തിൽ 23,595 ലും വ്യാപാരം തുടരുന്നു. സ്വർണവിലയിൽ വർദ്ധന. പവന് 320 രൂപ വർദ്ധിച്ച് 65,880 രൂപയും ഗ്രാമിന് 40 രൂപ വർദ്ധിച്ച് 8,235 രൂപയുമാണ് ഇന്നത്തെ വില.

********************

## WEATHER

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. കൊട്ടാരക്കര, മൂന്നാർ, കോന്നി, ചെങ്ങന്നൂർ, ചങ്ങനാശേരി, പൊന്നാനി എന്നിവിടങ്ങളിൽ കഴിഞ്ഞ 24 മണിക്കൂറിൽ അൾട്രാവയലറ്റ് സൂചിക ഉയർന്ന തോത് രേഖപ്പെടുത്തി.

********************

## Dependent appointment

ആശ്രിത നിയമനത്തിൻറെ മാനദണ്ഡങ്ങൾ സംസ്ഥാന സർക്കാർ പുതുക്കി. സർവ്വീസിലിരിക്കെ മരിക്കുമ്പോൾ 13 വയസ് തികഞ്ഞ മക്കൾക്ക് മാത്രമേ ഇനി ആശ്രിത നിയമനം വഴി ജോലി ലഭിക്കൂ. മരണപ്പെട്ട ജീവനക്കാരൻ്റെ കുടുംബ വാർഷിക വരുമാനം എട്ട് ലക്ഷം രൂപയിൽ കവിയാൻ പാടില്ലെന്നും വ്യവസ്ഥയുണ്ട്.

********************

***************

*******